**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## നാല്പത്തി രണ്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1998-2000)-യുടെ പതിനാറാമത് റിപ്പോർട്ടിലെ (കോവളം വിനോദസഞ്ചാര കേന്ദ്രത്തിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## നാല്പത്തി രണ്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1998-2000)-യുടെ പതിനാറാമത് റിപ്പോർട്ടിലെ (കോവളം വിനോദസഞ്ചാര കേന്ദ്രത്തിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

325/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച് സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം നാല്പത്തി രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,<br>
*അദ്ധ്യക്ഷൻ,*<br>
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (1998-2000)-യുടെ 16-ാമത് റിപ്പോർട്ട് (കോവളം വിനോദസഞ്ചാര കേന്ദ്രത്തിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) 1999 ഡിസംബർ 29-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. കോവളം വിനോദസഞ്ചാര മേഖലയിൽ വളരെയധികം പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി പരാതിപ്പെട്ടുകൊണ്ട് സമിതിക്ക് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സമിതി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പുകളുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ (1998-2000)-യുടെ 16-ാമത് റിപ്പോർട്ടിൽ കോവളം ടൂറിസ്റ്റ് കേന്ദ്രത്തിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പര്യാപ്തമാകുന്ന വിധത്തിലുള്ള 21 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

3. സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് അതു സംബന്ധിച്ച് സ്റ്റേറ്റ്മെന്റുകൾ ലഭിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പുകൾ 3-3-2000-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തു. അവയിന്മേൽ ജലവിഭവം, വിനോദസഞ്ചാരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, റവന്യൂ, പൊതുമരാമത്ത്, ആഭ്യന്തരം, ഊർജ്ജം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് ലഭ്യമാക്കുകയും അവ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആയതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അവയിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1 (ഖണ്ഡിക 10)

കോവളം ബീച്ചിന്റെ പ്രത്യേക പരിസ്ഥിതി സന്തുലിതാവസ്ഥ കണക്കിലെടുത്ത്, ബീച്ചിന്റെ സംരക്ഷണത്തിനായി 1993-ൽ സർക്കാർ നിശ്ചയിച്ച അതിരുകൾ നിലനിർത്തി, ബീച്ചിന്റെ തീരത്തേക്ക് ഇറക്കി പണിതിട്ടുള്ള അനധികൃത കെട്ടിടങ്ങൾ എത്രയുംവേഗം ഒഴിപ്പിച്ച് പൊളിച്ചുമാറ്റുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (യു) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 106476/യു1/05/റവന്യൂ തീയതി 16-12-2005)

കോവളം ബീച്ചിന്റെ പ്രത്യേക പരിസ്ഥിതി സന്തുലിതാവസ്ഥ കണക്കിലെടുത്ത് ബീച്ചിന്റെ സംരക്ഷണത്തിനായി 4-3-2000-ൽ കോവളം ജംഗ്ഷൻ മുതൽ ഗ്രോവ് ബീച്ച് വരെയും സിറോക്ക് ജംഗ്ഷൻ വരെയും ഉണ്ടായിരുന്ന 66 അനധികൃത പെട്ടിക്കടകൾ ഒഴിപ്പിക്കുകയുണ്ടായി. കോവളത്തിന്റെ ഹൃദയഭാഗത്ത് ഹൗവ്വാ ബീച്ചിൽ അനധികൃതമായി താമസിച്ചിരുന്ന അനധികൃത കയ്യേറ്റക്കാരേയും ഒഴിപ്പിക്കുകയുണ്ടായി. എന്നാൽ ഇവർക്ക് പുനരധിവാസത്തിന് ഭൂമി നൽകാത്തതുകൊണ്ട് ഇറക്കിവിട്ട അനധികൃത കയ്യേറ്റക്കാർ വീണ്ടും കുടിലുകൾകെട്ടി താമസമാവുകയുണ്ടായി. കോവളം ഹൗവ്വാ ബീച്ചിൽ അനധികൃതമായ കുടിലുകൾകെട്ടി താമസിക്കുന്ന അനധികൃത കയ്യേറ്റക്കാരെയും ഒഴിപ്പിക്കുന്നതിനുള്ള ഭൂസംരക്ഷണ നിയമമനുസരിച്ചുള്ള 'സി' ഫോറം നോട്ടീസ് 11-2-2005-ൽ ഈ കക്ഷികൾക്ക് നെയ്യാറ്റിൻകര തഹസിൽദാർ നൽകുകയുണ്ടായി. എന്നാൽ ഈ കയ്യേറ്റക്കാരുടെ പുനരധിവാസം ഉറപ്പാക്കിയതിനുശേഷം മാത്രമേ ഒഴിപ്പിക്കാവൂ എന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. ഡോ. നീലലോഹിതദാസ് അദ്ധ്യക്ഷനായുള്ള കോവളം ഹൗവ്വാ ബീച്ച് ഒഴിപ്പിക്കൽ വിരുദ്ധ പുനരധിവാസ ആക്ഷൻ കമ്മിറ്റി 1-3-2005-ൽ സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. അതേസമയം കോവളം ഹൗവ്വാ ബീച്ചിൽ താമസിക്കുന്ന 11 അനധികൃത കയ്യേറ്റക്കാരെ എത്രയുംവേഗം ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ കോവളം യൂണിറ്റ് ബഹു. കേരള ഹൈക്കോടതിയിൽ 27917/2004 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി 24-10-2005-ൽ അനധികൃത കയ്യേറ്റക്കാർക്ക് പറയാനുള്ളത് ജില്ലാ കളക്ടർ കേൾക്കണമെന്നും അവർക്ക് നിയമപരമായ എല്ലാ പരിരക്ഷകളും നൽകിയതിനുശേഷം മാത്രമേ കയ്യേറ്റസ്ഥലത്തു നിന്നും ഒഴിപ്പിക്കാവൂ എന്നും വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ 11 അനധികൃത കയ്യേറ്റക്കാരെയും 12-12-2005-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ 23-12-2005-ൽ സ്ഥലം പരിശോധിച്ച് തുടർ തീരുമാനം എടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത തീരുമാനം എടുത്തശേഷം ആ വിവരം സമിതിയെ അറിയിക്കുന്നതുമാണ്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 58334/ആർ.എ 2/14/തസ്വഭവ. തീയതി 3-9-2014)

കോവളം വിഴിഞ്ഞം മേഖലയിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ലംഘിച്ചുകൊണ്ട് ധാരാളം നിർമ്മാണങ്ങൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 1-11-2013-ൽ ഒരു യോഗം വിളിച്ചുചേർക്കുകയും കോവളം വിഴിഞ്ഞം ഏരിയായിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ലംഘിച്ചുകൊണ്ട് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം തിരുവനന്തപുരം നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതു സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ നൽകിയ റിപ്പോർട്ടിലെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി കണ്ടെത്തിയ 17 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ കോവളം-വിഴിഞ്ഞം ഏരിയായിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതായും പ്രസ്തുത സ്ക്വാഡുകൾ 120 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുള്ളതായും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം നഗരസഭയുടെ ഭാഗമായതിനുശേഷം പ്രസ്തുത മേഖലയിൽ നിർമ്മാണ അനുമതി നൽകുകയോ ഓക്യുപൻസി നൽകുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ EP Act 1986 സെക്ഷൻ 15, 19 എന്നിവ പ്രകാരം അടിയന്തര നടപടി സ്വീകരിക്കുവാൻ പരിസ്ഥിതി വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(മറുപടി 19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2 (ഖണ്ഡിക 11)</u>

കോവളം ബീച്ച് ഉൾപ്പെടുന്ന പ്രദേശം അതിർത്തി നിർണ്ണയിച്ച്, പ്രത്യേക സംരക്ഷിത മേഖലയായി കണക്കാക്കി, പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) റവന്യൂ (യു) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 106476/യു1/05/റവന്യൂ തീയതി 1-7-2006)

കോവളം ബീച്ച് പരിസരത്തെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ, ബീച്ച് സംരക്ഷണം എന്നിവയെക്കുറിച്ച് വിലയിരുത്തുന്നതിനായി 23-12-2005-ൽ ജില്ലാ കളക്ടർ സ്ഥലം സന്ദർശിച്ചു. കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന 27917/04-ാം നമ്പർ റിട്ട് അപ്പീലിന്മേലുള്ള വിധിയനുസരിച്ച് ടി കേസിലെ എതിർകക്ഷികളായ ബീച്ച് പരിസരത്തെ അനധികൃത കയ്യേറ്റക്കാർക്ക് നിയമമനുവദിക്കുന്ന പരിരക്ഷ നല്കി ഒഴിപ്പിക്കേണ്ടതുണ്ട്. ബീച്ച് പരിസരത്തെ കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനെടുക്കുന്ന കാലതാമസമാണ് ഇവരെ ഒഴിപ്പിക്കുന്ന നടപടിയിൽ കാലവിളംബം സൃഷ്ടിക്കുന്നത്.

മേൽപ്പറഞ്ഞ പെറ്റീഷനിലുള്ള വിധി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട കോടതി അനുവദിച്ചിരുന്ന മൂന്ന് മാസത്തെ സമയം അപര്യാപ്തമായതിനാൽ സമയം വീണ്ടും മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് കിട്ടുന്നതിന് അഭ്യർത്ഥിക്കുകയും അതിൻപ്രകാരം രണ്ട് മാസത്തെ സമയംകൂടി അനുവദിച്ചിട്ടുള്ളതുമാകുന്നു.

ഈ സമയപരിധിയിൽ തന്നെ ബീച്ച് പുറമ്പോക്കിലെ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 11506/ആർ ഡി2/15/തസ്വഭവ. തീയതി 29-7-2015)

കോവളം ബീച്ച് ഏരിയ ഉൾപ്പെട്ട പ്രദേശത്തിനായി കോവളം വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം G.O.(Ms.) No. 150/78/LA & SWD dated 17-6-1978 പ്രകാരം അംഗീകരിക്കുകയും പ്രസ്തുത സ്കീമിന്റെ സോണിംഗ് റെഗുലേഷന്റെ ഭേദഗതി G.O.(Ms.) No. 31/2010/LSGD dated 17-2-2010 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കീം റിവൈസ് ചെയ്യുന്ന നടപടി തിരുവനന്തപുരം റീജണൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ നടന്നുവരികയാണ്. ഇപ്രകാരം സ്കീം റിവൈസ് ചെയ്യുമ്പോൾ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശിപാർശ കൂടി കണക്കിലെടുക്കണമെന്ന് തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3 (ഖണ്ഡിക 12)

കോവളം ബീച്ചിന്റെ തനതായ പ്രകൃതി സൗന്ദര്യവും സന്തുലിതാവസ്ഥയും പരിസ്ഥിതിയും നിലനിർത്തിക്കൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനം, ലക്ഷ്യമാക്കി, തിരുവനന്തപുരം വികസന അതോറിറ്റി, ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ സഹകരണത്തോടുകൂടി, കോവളം, വിനോദസഞ്ചാര കേന്ദ്രത്തിന് ഒരു ശാസ്ത്രീയമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചുമതല വിനോദസഞ്ചാര വകുപ്പിനെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുഭരണ (ടൂറിസം-എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9579/റ്റി.എ 4/2000/പൊഭവ. തീയതി 18-4-2002)

കോവളം പ്രദേശത്തിന്റെ ശാസ്ത്രീയമായ വികസനത്തിനായി ടൗൺ പ്ലാനിംഗ് വകുപ്പിന്റെ സഹകരണത്തോടെ ഒരു ഏരിയാ വികസന പദ്ധതി തയ്യാറാക്കി വരികയാണ്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ഇതു സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 58319/റ്റി. എ 4/03/ടൂറിസം തീയതി 6-8-2005)

കോവളം പ്രദേശത്തിന്റെ ശാസ്ത്രീയമായ വികസനത്തിനായി മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കോവളത്തെ വികസന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നത്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി അപൂർണ്ണമാണെന്ന് അഭിപ്രായപ്പെടുകയും സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ ആരായുവാൻ നിർദ്ദേശിക്കുകയും ചെയ്തു.)

സമിതി വീണ്ടും ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**(എ) ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30823/എ 4/06/ടൂറിസം തീയതി 15 6-2007)

കോവളം പ്രദേശത്തിന്റെ ശാസ്ത്രീയമായ വികസനത്തിനായി മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോവളത്തെ വികസന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നത്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ടൂറിസം (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 69787/സി3/14/ടൂറിസം തീയതി 3-8-2015)

കോവളം ബീച്ചിന്റെ തനതായ പ്രകൃതി സൗന്ദര്യവും സന്തുലിതാവസ്ഥയും പരിസ്ഥിതിയും സംരക്ഷിച്ച് നിലനിർത്തുന്നതിന് '30 Years Vision' ലക്ഷ്യമിട്ടുകൊണ്ടുള്ള കോവളം-പൂവ്വാർ കോറിഡോർ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മത്സരാടിസ്ഥാനത്തിൽ ടെൻഡർ വിളിച്ച് M/s Fortress എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. ടി മാസ്റ്റർ പ്ലാനിന്റെ Concept Report സമർപ്പിക്കുകയും ആയതിന്റെ കരട് പൂർത്തീകരണം അന്തിമഘട്ടത്തിലുമാണ്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 4 (ഖണ്ഡിക 14)</u>

കോവളത്ത് നിലനിൽക്കുന്ന അനധികൃത നിർമ്മാണങ്ങൾ അത് എത്രതന്നെ വിലപിടിപ്പുള്ളതാണെങ്കിലും നീക്കം ചെയ്യണമെന്ന് തന്നെയാണ് സമിതിയുടെ അഭിപ്രായം. എന്നിരുന്നാലും ഫൈൻ ഈടാക്കി അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്ന ചട്ടങ്ങൾ നിലവിലിരിക്കുന്ന സാഹചര്യം പരിഗണിച്ച്, പ്രത്യേക ഫൈൻ ഈടാക്കി സാധൂകരിക്കാൻ കഴിയുന്ന നിർമ്മാണങ്ങൾ സാധൂകരിച്ച് നൽകുന്നതിനും, ശേഷിക്കുന്ന എല്ലാവിധ അനധികൃത നിർമ്മാണങ്ങളും അടുത്ത ടൂറിസ്റ്റ് സീസൺ ആരംഭിക്കുന്നതിന് മുൻപ് പൊളിച്ച് മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർക്ക് സുശക്തമായ പോലീസ് സംരക്ഷണവും ബന്ധപ്പെട്ട വകുപ്പുകളുടെ പിന്തുണയും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊളിച്ച് മാറ്റുന്നതോടൊപ്പം തന്നെ അവയുടെ അവശിഷ്ടങ്ങളും നീക്കം ചെയ്യേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## ആഭ്യന്തര (പി.എസ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 19705/പി.ഡി1/2000/ആഭ്യ. തീയതി 16-9-2001)

ശിപാർശ നടപ്പിലാക്കുന്നതിന് പഞ്ചായത്തധികൃതർക്ക് ആവശ്യമായ സംരക്ഷണം ലഭ്യമാക്കണമെന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 16-12-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഇതു സംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എത്ര അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ടെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ആഭ്യന്തര (എം) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 51086/എം1/06/ആഭ്യന്തരം തീയതി 16-8-2006)

വിഴിഞ്ഞം പഞ്ചായത്തിലുൾപ്പെട്ട കോവളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കോവളം ബീച്ച് ഏരിയായിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചു മാറ്റുന്നതിന് വിഴിഞ്ഞം പഞ്ചായത്ത് അധികൃതരിൽ നിന്നും വളരെ അപൂർവ്വമായേ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിട്ടുള്ളൂ.

17-11-1999-ൽ വിഴിഞ്ഞം പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് കോവളം ലൈറ്റ് ഹൗസ് ബീച്ചിലെ 7 അനധികൃത നിർമ്മാണങ്ങൾ കോവളം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥന്മാരുടെ സംരക്ഷണയിൽ പൊളിച്ചുമാറ്റിയിട്ടുള്ളതാകുന്നു. അതിനുശേഷം നാളിതുവരെ രേഖാമൂലമോ അല്ലാതെയോ പഞ്ചായത്ത് അധികൃതരിൽ നിന്നും അനധികൃത നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിട്ടില്ലാത്തതാകുന്നു. അനധികൃതമായി നിർമ്മിക്കപ്പെട്ടതായ ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് പോലീസിന് അധികാരമില്ലാത്തതും ആയതിലേക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെടുന്നപക്ഷം പഞ്ചായത്ത് അധികൃതർക്ക് സംരക്ഷണം നൽകുന്നതുമാണെന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു.

(മറുപടി 29-10-2008-ലെ സമിതിയോഗം പരിഗണിക്കുകയും വീണ്ടും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ആഭ്യന്തര (എം) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 12537/എം1/09/ആഭ്യന്തരം തീയതി 5-9-2009)

വിഴിഞ്ഞം പഞ്ചായത്തിൽ ഉൾപ്പെട്ട വിഴിഞ്ഞം, കോവളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഏര്യായിൽ അനധികൃത പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിലേക്ക് പഞ്ചായത്ത് അധികൃതരിൽ നിന്നും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിട്ടുള്ള സമയങ്ങളിലെല്ലാം പോലീസ് സംരക്ഷണം നൽകിയിട്ടുള്ളതും ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നപക്ഷം പഞ്ചായത്തധികൃതർ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടാൽ ഉടനടി സംരക്ഷണം നൽകുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപടി 25-11-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5 (ഖണ്ഡിക 15)</u>

കോവളത്തിന്റെ വികസനത്തിനായി സമിതി നിർദ്ദേശിച്ചിരിക്കുന്ന ആസൂത്രിതമായ മാസ്റ്റർ പ്ലാനിനെ അടിസ്ഥാനപ്പെടുത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഭാവിയിൽ അനുമതി നൽകാവൂ എന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പൊതുഭരണ (ടൂറിസം-എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9579/റ്റി.എ 4/2000/പൊഭവ. തീയതി 18-4-2002)

പദ്ധതി പ്രദേശത്തിന്റെ സർവ്വേ പൂർത്തിയായശേഷം ആസൂത്രിതമായ മാസ്റ്റർ പ്ലാനിനെ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുമാത്രമേ ഭാവിയിൽ വിഴിഞ്ഞം പഞ്ചായത്തിൽ നിന്നും അനുമതി നൽകുകയുള്ളൂ എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(മറുപടി 8-1-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6 (ഖണ്ഡിക 16)</u>

കോവളം തീരത്ത് വർഷങ്ങളായി താമസിച്ചുവരുന്ന ഏതാനും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. കോവളം ബീച്ച് പ്രദേശം ഒരു സംരക്ഷിത മേഖലയായി നിലനിർത്തുന്നതിനായി ഈ കുടുംബങ്ങളെ ഇവിടെനിന്നും ഒഴിപ്പിച്ച് സൗകര്യപ്രദമായ

സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 54076/സി3/02/തസ്വഭവ. തീയതി 14-1-2005)

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ കോവളം തീരത്ത് ഒൻപത് കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചുവരുന്നു. 1999-ൽ ഇവരെ ഒഴിപ്പിക്കുന്നതിന് നടപടി ആരംഭിച്ചുവെങ്കിലും ഒഴിപ്പിക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ്സ് നിലനിൽക്കുന്നതിനാൽ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. കോടതിയുടെ അന്തിമവിധി വരുന്നമുറയ്ക്ക് ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം തീരത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി നടപ്പിലായോ എന്നറിയിക്കുക.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 50565/ഡിസി1/14/തസ്വഭവ. തീയതി 21-7-2015)

കോവളം തീരത്ത് വർഷങ്ങളായി താമസിച്ചുവരുന്ന ഏതാനും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, സർവ്വേ വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടെയും സി.ആർ.ഇസഡ്. (കോസ്റ്റൽ റെഗുലേഷൻ സോൺ) ഡ്രാഫ്റ്റ് വിജ്ഞാപനം അന്തിമമാകുന്നമുറയ്ക്കും വിശദമായ പരിശോധനയ്ക്ക് ശേഷമേ നടപ്പിലാക്കാനാകുകയുള്ളൂ.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**റവന്യൂ (യു) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 106476/യു1/05/റവന്യൂ തീയതി 16-12-2005)

പ്രസ്തുത 3 ശിപാർശകളും കോവളം ബീച്ചിൽ നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ഉള്ളതാണ്. കോവളം ബീച്ചിന്റെ പ്രത്യേക പരിസ്ഥിതി സന്തുലിതാവസ്ഥ കണക്കിലെടുത്ത് ബീച്ചിന്റെ സംരക്ഷണത്തിനായി 4-3-2000-ൽ കോവളം ജംഗ്ഷൻ മുതൽ ഗ്രോവ് ബീച്ച് വരെയും സീറോക്ക് ജംഗ്ഷൻ വരെയും ഉണ്ടായിരുന്ന 66 അനധികൃത പെട്ടിക്കടകൾ ഒഴിപ്പിക്കുകയുണ്ടായി.

കോവളത്തിന്റെ ഹൃദയഭാഗത്ത് ഹൗവ്വാ ബീച്ചിൽ അനധികൃതമായി താമസിച്ചിരുന്ന അനധികൃത കയ്യേറ്റക്കാരേയും ഒഴിപ്പിക്കുകയുണ്ടായി. എന്നാൽ ഇവർക്ക് പുനരധിവാസത്തിന് ഭൂമി നൽകാത്തതുകൊണ്ട് ഇറക്കിവിട്ട അനധികൃത കയ്യേറ്റക്കാർ വീണ്ടും കുടിലുകൾകെട്ടി താമസമാവുകയുണ്ടായി. കോവളം ഹൗവ്വാ ബീച്ചിൽ അനധികൃതമായ കുടിലുകൾകെട്ടി താമസിക്കുന്ന അനധികൃത കയ്യേറ്റക്കാരെയും ഒഴിപ്പിക്കുന്നതിനുള്ള ഭൂസംരക്ഷണ നിയമമനുസരിച്ചുള്ള 'സി' ഫോറം നോട്ടീസ് 11-2-2005-ൽ ഈ കക്ഷികൾക്ക് നെയ്യാറ്റിൻകര തഹസിൽദാർ നൽകുകയുണ്ടായി. എന്നാൽ ഈ കയ്യേറ്റക്കാരുടെ പുനരധിവാസം ഉറപ്പാക്കിയതിനുശേഷം മാത്രമേ ഒഴിപ്പിക്കാവൂ എന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. ഡോ. നീലലോഹിതദാസ് അദ്ധ്യക്ഷനായുള്ള കോവളം ഹൗവ്വാ ബീച്ച് ഒഴിപ്പിക്കൽ വിരുദ്ധ പുനരധിവാസ ആക്ഷൻ കമ്മിറ്റി 1-3-2005-ൽ സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. അതേസമയം കോവളം ഹൗവ്വാ ബീച്ചിൽ താമസിക്കുന്ന 11 അനധികൃത കയ്യേറ്റക്കാരെ എത്രയുംവേഗം ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷൻ കോവളം യൂണിറ്റ് ബഹു. കേരള ഹൈക്കോടതിയിൽ 27917/2004 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി 24-10-2005-ൽ അനധികൃത കയ്യേറ്റക്കാർക്ക് പറയാനുള്ളത് ജില്ലാ കളക്ടർ കേൾക്കണമെന്നും അവർക്ക് നിയമപരമായ എല്ലാ പരിരക്ഷകളും നൽകിയതിനുശേഷം മാത്രമേ കയ്യേറ്റസ്ഥലത്തുനിന്നും ഒഴിപ്പിക്കാവൂ എന്നും വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ 11 അനധികൃത കയ്യേറ്റക്കാരേയും 12-12-2005-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ 23-12-2005-ൽ സ്ഥലം പരിശോധിച്ച് തുടർതീരുമാനം എടുക്കുവാൻ നിശ്ചയിട്ടുള്ളതും പ്രസ്തുത തീരുമാനം എടുത്തശേഷം ആ വിവരം സമിതിയെ അറിയിക്കുന്നതുമാണ്.

(29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 7 (ഖണ്ഡിക 17)</u>

കോവളം വിനോദസഞ്ചാര മേഖലാ അതിർത്തിക്കുള്ളിൽ കുന്നുകൂടുന്ന ഖര-ദ്രവ-പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിനും ബീച്ചിലെ മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കും അടിയന്തര പ്രാധാന്യം നൽകി. അത്യനാവശ്യമായ നടപടി, തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ സഹകരിച്ച് എത്രയുംപെട്ടെന്ന് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പൊതുഭരണ (ടൂറിസം-എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9579/റ്റി.എ 4/2000/പൊഭവ. തീയതി 18-4-2002)

മാലിന്യങ്ങൾ കോവളത്ത് നിന്ന് തിരുവനന്തപുരം നഗരസഭയുടെ വിളപ്പിൽശാലയിലുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റിലെത്തിക്കാനുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ

വിഴിഞ്ഞം പഞ്ചായത്തും തിരുവനന്തപുരം നഗരസഭയും തമ്മിൽ ചർച്ചകൾ നടന്നു വരികയാണ്. ചപ്പുചവറുകൾ സംഭരിക്കാനായി കോവളത്ത് 50 സെന്റ് സ്ഥലം ടൂറിസം വകുപ്പ് ഇതിനകം തന്നെ ഏറ്റെടുത്തിട്ടുണ്ട്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം വിനോദസഞ്ചാര മേഖലയിൽ കുന്നുകൂടുന്ന ഖര-ദ്രവ-പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ചവറുകൾ സംഭരിക്കുവാനായി കോവളത്ത് 50 സെന്റ് സ്ഥലം ഏറ്റെടുത്തതായി പറഞ്ഞിരുന്നു. അനന്തര നടപടികളുടെ വിശദാംശങ്ങൾ സമിതിയെ അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 58319/റ്റി.എ 4/03/ടൂറിസം തീയതി 6-8-2005)

കോവളം വിനോദസഞ്ചാര മേഖലയിലെ ഖര-ദ്രവ മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി വിഴിഞ്ഞം ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ആയത് യാഥാർത്ഥ്യമാകുന്നതോടെ കോവളത്തെ മാലിന്യപ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**(എ) ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30823/എ 4/06/ടൂറിസം തീയതി 6-8-2005)

കോവളം വിനോദസഞ്ചാര മേഖലയിലെ ഖര-ദ്രവ മാലിന്യശേഖരണത്തിനും സംസ്കരണത്തിനുമായി ഇക്കോ പ്രിസേർവ് എന്ന സ്ഥാപനവുമായി ചേർന്ന് ആരംഭിച്ച പദ്ധതി വിജയകരമായി നടന്നുവരുന്നു.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 54076/സി3/02/തസ്വഭവ. തീയതി 14-1-2005)

ഈ പ്രദേശത്ത് മാലിന്യസംസ്കരണത്തിന് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് വകുപ്പ് 25,00,000 രൂപ അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വകുപ്പ് 50 സെന്റ് വസ്തു വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിസ്ഥിതിവാദികളുടെയും നാട്ടുകാരുടെയും എതിർപ്പു കാരണം ടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ 2002-03 പദ്ധതിയിൽ ഉൾപ്പെടുത്തി കോവളം വാർഡിൽ മുപ്പതെണ്ണം ഉൾപ്പെടെ മൊത്തം 575 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിക്കുകയും ആയതിന്റെ പണി നടന്നുവരികയുമാണ്.

കോവളത്തെ മാലിന്യനിർമ്മാർജ്ജനത്തിന് പഞ്ചായത്ത് നിർദ്ദേശിച്ച പ്രോജക്ട് വിനോദസഞ്ചാര വകുപ്പ് അംഗീകരിച്ചിട്ടില്ല. ഈ പ്രദേശത്തെ ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തും ടൂറിസം വകുപ്പും സംയോജിതമായി പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ കോവളം മാലിന്യ വിമുക്തമാവുകയുള്ളൂ. മാലിന്യങ്ങൾ നിറഞ്ഞ ഓടയും മലിനജലത്താൽ ദുർഗന്ധം വമിക്കുന്ന റോഡും പഞ്ചായത്ത് വൃത്തിയാക്കുന്നുണ്ടെന്നും ഇപ്പോൾ റോഡിൽ മലിനജലം ഒഴുകുന്നില്ലെന്നുള്ള വിവരവും അറിയിക്കുന്നു.

മാലിന്യങ്ങളുടെ ശാസ്ത്രീയസംസ്കരണത്തിനും ബീച്ചിലെ മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കും യുദ്ധകാലാടിസ്ഥാനത്തിൽ ടൂറിസ്റ്റ് സീസൺ സമയത്ത് ശബരിമലയിലും പമ്പയിലും നടക്കുന്നതുപോലെയുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. 2002-03 കാലയളവിൽ കോവളത്തെ മാലിന്യവിമുക്തമാക്കുന്നതിനായി "Zero Waste Kovalam" എന്ന പദ്ധതിക്ക് രൂപം നൽകുകയും പ്രസ്തുത പദ്ധതിക്ക് 35 ലക്ഷം രൂപ 10-1-1992-ലെ സ.ഉ.(സാധാ.) 5814/02/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 'Zero Waste' പദ്ധതി ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെയും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷനുകളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും കോവളം പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 50565/ഡി.സി1/14/തസ്വഭവ. തീയതി 21-7-2015)

കോവളം വിനോദസഞ്ചാര മേഖല ഉൾപ്പെടുന്ന വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം നഗരസഭയിൽ കൂട്ടിച്ചേർത്തത് 2010-ലാണ്. നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഓഫീസ് നഗരസഭയുടെ മേഖലാ ഓഫീസായി പ്രവർത്തിച്ചുവരുന്നു. വിഴിഞ്ഞം, കോവളം എന്നീ ബിച്ച് പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യസംസ്കരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ടി മേഖലാ ഓഫീസിൽ ഒരു ഫസ്റ്റ് ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറെയും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരേയും നിയമിച്ചിട്ടുണ്ട്. പ്രദേശത്തെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 10 താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. കോവളം ബീച്ചിലെ ശുചീകരണ പ്രവർത്തനങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റ് നേരിട്ടാണ് നിർവ്വഹിക്കുന്നത്. വിളപ്പിൽശാല പ്ലാന്റ് പൂട്ടിയതോടെ വിഴിഞ്ഞം പ്രദേശത്ത് നിലവിൽ ലഭ്യമായ സ്ഥലങ്ങളിൽ നഗരസഭ മാലിന്യം കുഴിച്ചുമൂടി വരുന്നു. കൂടാതെ വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി 63 ലക്ഷം രൂപ ചെലവിട്ട് കോവളം വിനോദസഞ്ചാര മേഖലയിലെ 1200 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യസംസ്കരണം നടത്തുന്നതിന് 10-3-2014-ലെ സ.ഉ.(സാധാ.) 708/2014/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും ലഭ്യമായ പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചുവരുന്നു.

(മറുപടി സമിതിയുടെ 5-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ 8 (ഖണ്ഡിക 18)

ബീച്ചിലും പരിസരപ്രദേശത്തും സ്ഥിതിചെയ്യുന്ന ഹോട്ടലുകളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം മണ്ണിനടിയിൽക്കൂടി പൈപ്പുകൾ സ്ഥാപിച്ച് അതുവഴി ഒഴുക്കിവിടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ(ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9363/സി1/2000/ജലവിഭ. തീയതി 7-11-2002)

കോവളത്തും പരിസരപ്രദേശങ്ങളിലും മലിനജല നിർമ്മാർജ്ജനത്തിന് ഒരു പദ്ധതി തയ്യാറാക്കാൻ ടൂറിസം സെക്രട്ടറി 27-5-2002-ൽ വിളിച്ചുകൂട്ടിയ യോഗത്തിൽ കേരള വാട്ടർ

അതോറിറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ചീഫ് എഞ്ചിനീയർ സതേൺ റീജിയന് വേണ്ടനിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളത്തും പരിസരപ്രദേശങ്ങളിലും മലിനജല നിർമ്മാർജ്ജനത്തിനായി ഒരു പദ്ധതി തയ്യാറാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ, സതേൺ റീജിയന് നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയോ എന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 18947/സി1/03/ജവിവ. തീയതി 7-10-2008)

കോവളത്തും പരിസരപ്രദേശങ്ങളിലും മലിനജല നിർമ്മാർജ്ജനത്തിനായി ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരധിവാസ പദ്ധതിയുടെ (ജെ.എൻ.എൻ.യു.ആർ.എം.) രണ്ടാംഘട്ടമായി നടപ്പിലാക്കുവാൻ അംഗീകാരം കിട്ടിയിട്ടുണ്ട്.

(മറുപടി 25-11-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം വീണ്ടും അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

കോവളത്തും പരിസരപ്രദേശങ്ങളിലും മലിനജല നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാരിന്റെ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരധിവാസ പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുവാൻ അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 23882/സി1/2011/ജവിവ. തീയതി 22-6-2013)

കോവളത്തും പരിസരപ്രദേശത്തും മലിനജല നിർമ്മാർജ്ജനത്തിനായും കുടിവെള്ളത്തിനായും പദ്ധതി നടപ്പിലാക്കാൻ നടപടികൾ എടുക്കുന്നതിൽ, പ്രസ്തുത മേഖലയിലെ കുടിവെള്ള വിതരണത്തിന് 64 കോടി രൂപയുടെ പണികൾ വിനോദ

സഞ്ചാര വകുപ്പിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ടെന്നും മലിനജല നിർമ്മാർജ്ജനത്തിനായി ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരധിവാസ പദ്ധതിയുടെ ഭാഗമായി കോവളത്തിനടുത്ത പ്രദേശമായ പാച്ചല്ലൂർ, വാഴമുട്ടം, പൂന്തുറ തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തിയെങ്കിലും കോവളവും പരിസരപ്രദേശങ്ങളും ഉൾപ്പെടുത്തിയിട്ടില്ലായെന്നും കോവളം വിനോദസഞ്ചാര മേഖലയിലെ മലിനജല നിർമ്മാർജ്ജനത്തിന് ജൻറം പദ്ധതിയിൽപ്പെടുത്തുന്നതിനായി നഗരസഭയുടെ അനുമതി ആവശ്യമാകയാൽ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പണികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് ചെയ്യാവുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(മറുപടി 13-8-2013-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം വിനോദസഞ്ചാര മേഖലയിലെ മലിനജല നിർമ്മാർജ്ജനത്തിനായി നടപ്പാക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

### (എ) ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28469/സി1/2013/ജവിവ. തീയതി 29-5-2014)

മലിനജല നിർമ്മാർജ്ജനത്തിനായി ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സ്വീവറേജ് സ്കീമിൽ ബ്ലോക്ക് എ മുതൽ ബ്ലോക്ക് ആർ വരെയായി തരംതിരിച്ച് പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. കോവളത്തെ വിനോദസഞ്ചാര മേഖല ഇപ്പോഴത്തെ പദ്ധതിയനുസരിച്ച് ഒരു ബ്ലോക്കിലും ഉൾപ്പെടുന്നില്ല. എന്നാൽ വിനോദസഞ്ചാര മേഖലയുടെ സമീപപ്രദേശങ്ങളായ വെള്ളാർ, പാച്ചല്ലൂർ, പൂങ്കുളം തുടങ്ങിയവ തിരുവനന്തപുരം സ്വീവറേജ് സ്കീമിലെ ബ്ലോക്ക് ആർ-ൽ ഉൾപ്പെടുന്നു. കോവളം വിനോദസഞ്ചാര മേഖല ഉൾപ്പെടുത്തി കോർപ്പറേഷനിൽ നിന്നും അനുമതിയും ഫണ്ടും ലഭ്യമായാൽ ടി പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

(മറുപടി 19-11-2014-ലെ യോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 54076/സി3/2002/തസ്വഭവ. തീയതി 14-1-2005)

മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന് ഗ്രാമപഞ്ചായത്തും ടൂറിസവും സംയുക്തമായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടനെ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഇരുകൂട്ടരും ആലോചിച്ച് വരികയുമാണ്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം പഞ്ചായത്തും ടൂറിസം വകുപ്പും സംയുക്തമായി നടപ്പാക്കുന്ന മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച തീരുമാനം എന്തായി എന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 50565/ഡി.സി1/2014/തസ്വഭവ. തീയതി 21-7-2015)

ഹോട്ടലുകൾക്കും മറ്റ് വ്യാപാര സ്ഥാപനങ്ങൾക്കും സ്വന്തമായി മലിനജല സംസ്കരണ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം സംസ്കരിക്കാതെ നേരിട്ട് ജലസ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നപക്ഷം കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം കട അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.യു.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി കോവളം ഭാഗത്തെ സ്വീവേജും മലിനജലവും പൈപ്പ്‌വഴി മുട്ടത്തറയിലുള്ള 107 എം.എൽ.ഡി. സ്വീവേജ് പ്ലാന്റുമായി ബന്ധിപ്പിച്ച് സംസ്കരിക്കുന്നതിനുള്ള നടപടി തിരുവനന്തപുരം നഗരസഭ സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 9 (ഖണ്ഡിക 19)</u>

കോവളം ബീച്ച് അതിർത്തിക്കുള്ളിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഈ പ്രദേശത്ത് കന്നുകാലികൾ അലഞ്ഞുതിരിഞ്ഞുനടക്കുന്ന അവസ്ഥയും ഇല്ലാതാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 54076/സി3/2002/തസ്വഭവ. തീയതി 14-1-2005)

കോവളം തീരത്ത് അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം പ്രദേശത്തുള്ള കടിലുകളിലുള്ള ആട്ടുമാട്ടുകളാണ് ചില സമയത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്നതെന്നും ബന്ധപ്പെട്ട ഉടമസ്ഥരോട് ഇത്തരത്തിലുള്ള മൃഗങ്ങളെ കെട്ടിയിടാൻ ആവശ്യമായ നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം തീരത്ത് അലഞ്ഞുതിരിയുന്ന കന്നുകാലികളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59166/ആർ.സി3/2014/തസ്വഭവ. തീയതി 10-11-2014)

ഡി.റ്റി.പി.സി.യും ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് കോവളം ബീച്ചിലെ മാലിന്യ സംസ്കരണം നടത്തുന്നത്. നായ്ക്കളെ നശിപ്പിക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം കഴിയുന്നതല്ല. നിലവിൽ കന്നുകാലികളെ തീരപ്രദേശത്ത് കാണാറില്ല. Human Society International എന്ന സംഘടനയുമായി ബന്ധപ്പെട്ട് എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സംഘടനയുമായി നഗരസഭ കരാർ ഒപ്പുവച്ചു. കൂടാതെ KSUDP-യുമായി സഹകരിച്ച് ABC-AR പദ്ധതിയും തിരുവനന്തപുരം നഗരസഭാ പരിധിയിൽ നടപ്പാക്കിയിട്ടുണ്ട്. നിലവിൽ ടി സ്ഥലത്ത് അലഞ്ഞുതിരിഞ്ഞുനടക്കുന്ന നാൽക്കാലികളെ കണ്ടുവരുന്നില്ല എന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 50565/ഡി.സി1/2014/തസ്വഭവ. തീയതി 21-7-2015)

Human Society International എന്ന സംഘടനയുമായി ബന്ധപ്പെട്ട് എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സംഘടനയുമായി തിരുവനന്തപുരം നഗരസഭ കരാർ ഒപ്പുവച്ചു. നിലവിൽ തീരപ്രദേശത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ കണ്ടുവരുന്നില്ല.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10 (ഖണ്ഡിക 20)</u>

**കോവളം ബീച്ച് അതിർത്തികളുള്ളിലും പരിസരങ്ങളിലും വിഴിഞ്ഞം പഞ്ചായത്തിന്റെ അനുമതി ലഭിക്കാതെ നടത്തപ്പെടുന്ന എല്ലാവിധ മസ്സാജ് കേന്ദ്രങ്ങളും അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി പഞ്ചായത്ത് അധികൃതർക്ക് പോലീസ് സഹായം ലഭ്യമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആഭ്യന്തര (ഡി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19705/ഡി1/2000/ആഭ്യ. തീയതി 16-9-2001)

പഞ്ചായത്ത് അധികൃതർക്ക് ആവശ്യമായ സംരക്ഷണം ലഭ്യമാക്കണമെന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 16-12-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വിഴിഞ്ഞം പഞ്ചായത്തിന്റെ അനുമതി ലഭിക്കാതെ നടത്തപ്പെടുന്ന മസ്സാജ് കേന്ദ്രങ്ങൾ എവിടെയൊക്കെ ആണെന്നും അവ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ആഭ്യന്തര (എം.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 51086/എം1/2006/ആഭ്യന്തരം തീയതി 16-8-2006)

2005-06 സാമ്പത്തിക വർഷത്തിൽ വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ച മസ്സാജ് സെന്ററുകൾ അല്ലാതെ അനധികൃതമായി മസ്സാജ് സെന്ററുകൾ ഒന്നും പ്രവർത്തിക്കുന്നതായി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അനധികൃതമായി മസ്സാജ് സെന്ററുകൾ പ്രവർത്തിക്കുന്നതായി പഞ്ചായത്തധികൃതരിൽ നിന്നും പോലീസിന് അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതാണെന്നും അപ്രകാരം വിവരം കിട്ടിയാൽ പഞ്ചായത്ത് അധികൃതർക്ക് നടപടി നടത്തുന്നതിന് പോലീസ് സംരക്ഷണം നൽകുകയും തുടർന്ന് നിയമ നടപടികൾ സ്വീകരിക്കുന്നതുമാണെന്നും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ലഭ്യമാക്കി.

അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ ഓഫീസിൽ നിന്നും ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർക്ക് മസ്സാജ് സെന്റർ നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള നിയമപരമായ അധികാരം ആർക്കാണെന്നും അതു നടത്തുന്ന ഡോക്ടറുടെയും മറ്റും യോഗ്യതകൾ എന്താണെന്നും കാണിച്ചുകൊണ്ട് ഒരു കത്ത് 23-2-2006-ൽ അയച്ചിട്ടുള്ളതും ആയതിനുള്ള മറുപടി കിട്ടിയിട്ടില്ലാത്തതുമാകുന്നു എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരിൽ നിന്നും അനുമതി വാങ്ങാതെ അനധികൃത മസ്സാജ് പാർലറുകൾ പ്രവർത്തിക്കുകയോ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ

നടത്തുകയോ ചെയ്താൽ ആയത് നിർത്തിവയ്പിക്കുന്നതിന് പഞ്ചായത്ത് അധികൃതർ എപ്പോൾ ആവശ്യപ്പെട്ടാലും പോലീസ് സംരക്ഷണം നൽകാൻ സന്നദ്ധമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

(മറുപടി 29-10-2008-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോവളം ബീച്ച് അതിർത്തിക്കുള്ളിലും പരിസരങ്ങളിലും വിഴിഞ്ഞം പഞ്ചായത്തിന്റെ അനുമതി ലഭിക്കാതെ അനധികൃത മസ്സാജ് പാർലറുകൾ ഇപ്പോഴും നിർബാധം പ്രവർത്തനം നടത്തുന്നുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി ഈ വിഷയം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായുകയുണ്ടായി.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ആഭ്യന്തര (എം.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 12537/എം1/2009/ആഭ്യന്തരം തീയതി 5-9-2009)

വിഴിഞ്ഞം പോലീസ് സർക്കിളിന്റെ പരിധിയിൽ വരുന്ന വിഴിഞ്ഞം, കോവളം പോലീസ് സ്റ്റേഷൻ പരിധിയിൽ അനധികൃത മസ്സാജ് സെന്ററുകൾ പ്രവർത്തിക്കുന്നതായി വിവരങ്ങൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ലാ എന്നും അപ്രകാരം എന്തെങ്കിലും വിവരം ലഭിക്കുന്നപക്ഷം നിയമപരമായി അധികാരപ്പെടുത്തിയിട്ടുള്ളവർ വേണ്ട മേൽനടപടി സ്വീകരിക്കുന്നതാണെന്നും മസ്സാജ് സെന്ററുകളുടെ പെർമിഷനും ലൈസൻസിംഗും പരിശോധനയും സംബന്ധിച്ച് അധികാരപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട അധികൃതർ ആവശ്യപ്പെടുന്നപക്ഷം അവർക്കുവേണ്ട എല്ലാവിധ പോലീസ് സംരക്ഷണവും നൽകുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപടി 25-11-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 11 (ഖണ്ഡിക 21)</u>

മസ്സാജ് സെന്ററുകളുടെ പ്രവർത്തനത്തിന് ടൂറിസം വകുപ്പ് ചില നിബന്ധനകൾ നിഷ്കർഷിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി മാത്രമേ, മസ്സാജ് സെന്ററുകൾക്ക് അനുമതി നൽകാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 54076/സി3/2002/തസ്വഭവ. തീയതി 14-1-2005)

ടൂറിസം ഡിപ്പാർട്ട്മെന്റും ആയുർവ്വേദ ഡിപ്പാർട്ട്മെന്റും നൽകിയിട്ടുള്ള നിബന്ധന പ്രകാരമുള്ള ആയുർവ്വേദ സെന്ററുകൾക്ക് മാത്രമേ പഞ്ചായത്ത് അനുവാദം നൽകിയിട്ടുള്ളൂ എന്ന വിവരം അറിയിക്കുന്നു.

(മറുപടി സമിതിയുടെ 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ടൂറിസം, ആയുർവ്വേദ ഡിപ്പാർട്ട്മെന്റുകളുടെ അനുവാദമില്ലാതെ കോവളത്ത് മസ്സാജ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

## (എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59166/ആർ.സി3/2014/തസ്വഭവ. തീയതി 10-11-2014)

കോവളത്ത് തിരുവനന്തപുരം നഗരസഭയുടെ സോണൽ ഓഫീസ് പരിധിയിൽ അനധികൃത മസ്സാജ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വെങ്ങാനൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ 2007-ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളവയാണ്. പ്രസ്തുത കേന്ദ്രങ്ങൾ ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായോ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ എന്തെങ്കിലും ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ മേൽനടപടികൾ സ്വീകരിക്കാറുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(മറുപടി 14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 586/ജി1/2006/ആകുവ. തീയതി 25-2-2006)

സംസ്ഥാനത്തെ ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും അവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 2006 ജനുവരി 6-ന് നിലവിൽ വന്നു. ഇതിലെ നിബന്ധനകൾക്ക് വിധേയമായാണ് മസ്സാജ് സെന്ററുകൾക്ക് അനുമതി നൽകുന്നത്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 12 (ഖണ്ഡിക 22)

അന്താരാഷ്ട്ര പ്രശസ്തി നേടിയ വിനോദസഞ്ചാര കേന്ദ്രമെന്ന പരിഗണനയിൽ ടൂറിസ്റ്റ് സീസണിലെങ്കിലും കോവളത്തെ പവർകട്ട് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ പ്രദേശത്തിന് ഒന്നാകെ ആവശ്യമായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ഊർജ്ജ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9823/സി2/02/പി.ഡി. തീയതി 15-11-2002)

കേരള നിയമസഭയുടെ പരിസ്ഥിതി സമിതി 1999 ഡിസംബർ 8-ാം തീയതി നിയമസഭാ കോംപ്ലക്സിൽ കൂടിയ യോഗം പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തെ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ, ഈ പ്രദേശത്തെ വൈദ്യുതി വിതരണത്തിലെ അപാകതകൾ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാരുമായി നടത്തിയ ചർച്ചയിൽ കോവളം ടൂറിസ്റ്റ് കേന്ദ്രത്തിൽ വൈദ്യുതീകരണത്തിനുള്ള ഒരു ആക്ഷൻ പ്ളാൻ സമർപ്പിക്കണമെന്ന് ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ) അറിയിച്ചിരുന്നു. വിഴിഞ്ഞം സബ്സ്റ്റേഷനിൽ നിന്നും 11 കെ.വി. വോൾട്ടേജ് ലഭ്യമാക്കുന്നതിൽ ഇപ്പോൾ കോവളം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നില്ല എന്നും കോവളം 11 കെ.വി. ഫീഡറിന്റെ തകരാറുകൾ മാത്രമാണ് ഇപ്പോൾ കോവളം ടൂറിസ്റ്റ് കേന്ദ്രം അഭിമുഖീകരിക്കുന്ന പ്രശ്നം എന്നും ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ) അറിയിച്ചിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി വിഴിഞ്ഞം സബ്സ്റ്റേഷൻ മുതൽ കോവളം പോലീസ് സ്റ്റേഷൻ വരെ 1.5 കി.മീ. ദൂരം 11 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് 17.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പണി പൂർത്തിയായാൽ കോവളം ടൂറിസ്റ്റ് സെന്ററിന്റെ ഹൃദയഭാഗത്ത് സുസ്ഥിരമായ 11 കെ.വി. വൈദ്യുതി വിതരണം ഉറപ്പാക്കാൻ കഴിയും. അടുത്ത ടൂറിസ്റ്റ് സീസണ് മുൻപായി നിർദ്ദിഷ്ട പണി പൂർത്തിയാക്കാൻ കഴിയും എന്നും പ്രതീക്ഷിക്കുന്നു.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

കോവളത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ടൂറിസ്റ്റ് സീസണിലെങ്കിലും പവർകട്ട് ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ കോവളം 11 കെ.വി. ഫീഡറിന്റെ തകരാറുകൾ മാത്രമാണ്

നിലവിലുള്ളതെന്നും ഇത് പരിഹരിക്കുന്നതിനായി 1½ കിലോമീറ്റർ ദൂരം 11 കെ.വി.യുടെ കേബിൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വോൾട്ടേജ് ക്ഷാമം ഇപ്പോൾ അനുഭവപ്പെടുന്നില്ല എന്നും പവർ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പണിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**ഊർജ്ജ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 6395/സി 2/03/ഊവ. തീയതി 28-6-2004)

കോവളം ബീച്ചിന്റെ പ്രാന്തപ്രദേശങ്ങളിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി വിഴിഞ്ഞം സബ്സ്റ്റേഷനിൽ നിന്നും നിലവിലുള്ള 11 കെ.വി. ഫീഡറിന് പുറമെ ഒരു ഫീഡർ കൂടി അണ്ടർഗ്രൗണ്ട് കേബിൾ ആയി വലിക്കുന്നതിലേക്കായി ₹ 17,81,751 (പതിനേഴ് ലക്ഷത്തി എൺപത്തൊന്നായിരത്തി എഴുനൂറ്റി അൻപത്തൊന്ന് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുകയുണ്ടായി. പ്രസ്തുത ജോലി വിഴിഞ്ഞം ഇലക്ട്രിക്കൽ സെക്ഷന്റെകീഴിൽ മുൻഗണനാക്രമത്തിൽ 6-ാമത്തേതാണ്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധിക വിവരം

കോവളത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിഴിഞ്ഞം മുതൽ കോവളം സബ്സ്റ്റേഷൻ വരെ 1.5 കി.മീ. ദൂരം 11 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കുന്ന പണി എന്നാരംഭിക്കുമെന്ന് അറിയിക്കുക.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**ഊർജ്ജ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2890/സി2/06/ഊ.വ. തീയതി 26-10-2006)

കോവളത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി വിഴിഞ്ഞം സബ്സ്റ്റേഷൻ മുതൽ കോവളം പോലീസ് സ്റ്റേഷൻ സ്ട്രക്ചർ വരെയുള്ള 1.5 കി.മീ. ദൈർഘ്യമുള്ള കോവളം, 11 കെ.വി. ഫീഡർ 5-1-2006-ൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

(മറുപടി 29-10-2008-ലെ സമിതിയോഗം പരിഗണിക്കുകയും സമിതി ആവശ്യപ്പെട്ട വിവരത്തിനുള്ള മറുപടിയല്ല ലഭ്യമാക്കിയിരിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും സമിതി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**ഊർജ്ജ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1297/സി2/09/ഊ.വ. തീയതി 29-2-2012)

വിഴിഞ്ഞം സബ്സ്റ്റേഷൻ മുതൽ കോവളം പോലീസ് സ്റ്റേഷൻ സ്ട്രക്ചർ വരെയുള്ള 1.5 കിലോമീറ്റർ ദൂരം എ.പി.ഡി.ആർ.പി. തിരുവനന്തപുരം സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 11 കെ.വി. അണ്ടർഗ്രൗണ്ട് കേബിൾ വലിക്കുകയും ജൂൺ 2011-ൽ ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്.

(മറുപടി 13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 13 (ഖണ്ഡിക 24)

കോവളം പ്രദേശത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി അടുത്ത മൂന്നു മാസത്തിനകം തന്നെ നടപ്പാക്കി ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9363/സി 1/2000/ജലവിഭവ.തീയതി 7-11-2002)

ടൂറിസ്റ്റ് കേന്ദ്രമായ കോവളം പ്രദേശത്തെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി രണ്ടു പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാമത്തേത് തിരുവല്ലത്ത് സമ്പും, പമ്പ് ഹൗസും നിർമ്മാണ പദ്ധതിയും രണ്ടാമത്തേത് പുതിയ നാഷണൽ ഹൈവേ ബൈപാസിന്റെ നിർമ്മാണത്തോടനുബന്ധിച്ച് വാഴവട്ടം മുതൽ വെള്ളാർ വരെയുള്ള പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കുകയും ചെയ്ത പദ്ധതിയുമാണ്. കൂടാതെ ഒരു പുതിയ പദ്ധതി തയ്യാറാക്കി (4.42 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന) ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ടൂറിസം ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

ടൂറിസ്റ്റ് കേന്ദ്രമായ കോവളം പ്രദേശത്തെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി, ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പുതിയ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 18947/സി 1/2003/ജലവിഭവ. തീയതി 7-10-2008)

ടൂറിസ്റ്റ് കേന്ദ്രമായ കോവളം പ്രദേശത്തെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് അവരുടെ സ്വന്തം ചെലവിൽ ഒരു വിശാല പദ്ധതി കോവളത്ത് നടപ്പാക്കാം എന്ന് അറിയിച്ചതിനെ തുടർന്ന് കൂടുതൽ നടപടികൾ ഒന്നുംതന്നെ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല.

(മറുപടി 25-11-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം വീണ്ടും അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

ടൂറിസ്റ്റ് കേന്ദ്രമായ കോവളം പ്രദേശത്തെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് അവരുടെ സ്വന്തം ചെലവിൽ ഒരു വിശാല പദ്ധതി കോവളത്ത് നടപ്പാക്കാം എന്ന് അറിയിച്ചതിനെ തുടർന്ന് കൂടുതൽ നടപടികൾ ഒന്നുംതന്നെ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല എന്ന് ജലവിഭവ വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ടൂറിസം വകുപ്പിൽ നിന്നും ആരായുവാൻ സമിതി നിർദ്ദേശിച്ചു.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 11234/എ 4/2009/ടൂറിസം തീയതി 29-1-2013)

കോവളം പ്രദേശത്തെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് 13-2-2002-ലെ സ.ഉ.(സാധാ.) 1986/12/ടൂറിസം പ്രകാരം 14 കോടി രൂപ ടൂറിസം വകുപ്പിന്റെ വിഹിതവും ഒരു കോടി രൂപ തിരുവനന്തപുരം കോർപ്പറേഷന്റെ വിഹിതവുമായി 15 കോടിയുടെ സമഗ്രമായ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കോവളം മേഖലയിലെ സമഗ്ര മാലിന്യ സംസ്കരണം ലക്ഷ്യമിട്ടുകൊണ്ട് അവിടുത്തെ തെരഞ്ഞെടുത്ത വീടുകൾ, ഹോട്ടലുകൾ ദൈനംദിന മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനും അതിലൂടെ ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിക്ക്

4-8-2012-ലെ സ.ഉ.(സാധാ.)6619/12/ടൂറിസം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ശുചിത്വ മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 1,37,83,000 രൂപയാണ്. ഇതിനുപുറമേ കോവളം ഇടക്കല്ലിൽ മലിനജലം കടലിലേക്ക് ഒഴുകുന്നത് ഈ മേഖലയിൽ ജലമലിനീകരണത്തിന് കാരണമാകുന്നതിനാൽ, ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന ചെറുകിട വികസന കോർപ്പറേഷൻ (SIDCO) മുഖാന്തിരം 90,96,000 രൂപയുടെ ഒരു പദ്ധതിക്ക് 5-9-2012-ലെ സ.ഉ.(സാധാ.) 6028/12/ടൂറിസം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി ഈ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം, ജലമലിനീകരണം എന്നിവയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനും കഴിയുന്നതാണ്.

(മറുപടി 13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 14 (ഖണ്ഡിക 25)

കോവളത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി അനുബന്ധ സൗകര്യങ്ങളോടുകൂടിയ ഒരു മെഡിക്കൽ സെന്റർ സീസൺ സമയത്തെങ്കിലും കോവളം ബീച്ച് പരിസരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 586/ജി 1/06/ആകുവ. തീയതി 25-2-2006)

വിനോദസഞ്ചാരികളുടെ പരിപാലനത്തിനായി ഒരു ക്ലിനിക് തുടങ്ങുന്ന ആവശ്യത്തിലേക്കായി വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് രണ്ട് കോട്ടേജുകൾ നൽകാമെന്ന് രേഖാമൂലം അറിയിച്ചിരുന്നു. എന്നാൽ പരിശോധനയിൽ പ്രസ്തുത കോട്ടേജുകൾക്ക് ഒരു അന്തർദേശീയ ടൂറിസം കേന്ദ്രത്തിനനുയോജ്യമായ ക്ലിനിക്കിനുവേണ്ട സൗകര്യങ്ങൾ ലഭ്യമല്ല എന്നു കണ്ടു. ആയതുകൊണ്ട് കോവളം ബീച്ചിൽ നിന്നും ഏകദേശം 4 കി.മീ. ദൂരത്തായി സ്ഥിതിചെയ്യുന്ന വിഴിഞ്ഞം കമ്മ്യൂണിറ്റി സെന്ററിന്റെ ചികിത്സാ സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിച്ച് വിദേശസഞ്ചാരികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 38436/ജി1/14/ആകുവ. തീയതി 31-8-2015)

കോവളത്തിന് 1 കി.മീ. ചുറ്റളവിനുള്ളിൽ സി.എച്ച്.സി. വെള്ളായണി, സി.എച്ച്.സി. പൂന്തുറ, സി.എച്ച്.സി. തിരുവല്ലം എന്നിവ സ്ഥിതിചെയ്യുന്നുണ്ട്. എന്നിരുന്നാലും കോവളത്ത് ഒരു മെഡിക്കൽ സെന്റർ തുടങ്ങുന്നത് സംബന്ധിച്ച് ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി സമിതിയുടെ 30-9-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ 15 (ഖണ്ഡിക 26)</u>

കോവളം ഐ.റ്റി.ഡി.സി., പി.ഡബ്ല്യു.ഡി. റോഡ് പുറംപോക്കിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (യു) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 106476/യു1/05/റവന്യൂ തീയതി 16-12-2005)

കോവളം ബീച്ചിന്റെ പ്രത്യേക പരിസ്ഥിതി സന്തുലിതാവസ്ഥ കണക്കിലെടുത്ത് ബീച്ചിന്റെ സംരക്ഷണത്തിനായി 4-3-2000-ൽ കോവളം ജംഗ്ഷൻ മുതൽ ഗ്രോവ് ബീച്ച് വരെയും സിറോക്ക് ജംഗ്ഷൻ വരെയും ഉണ്ടായിരുന്ന 66 അനധികൃത പെട്ടിക്കടകൾ ഒഴിപ്പിക്കുകയുണ്ടായി. കോവളത്തിന്റെ ഹൃദയഭാഗത്ത് ഹൗവ്വാ ബീച്ചിൽ അനധികൃതമായി താമസിച്ചിരുന്ന അനധികൃത കയ്യേറ്റക്കാരേയും ഒഴിപ്പിക്കുകയുണ്ടായി. എന്നാൽ ഇവർക്ക് പുനരധിവാസത്തിന് ഭൂമി നൽകാത്തതുകൊണ്ട് ഇറക്കിവിട്ട അനധികൃത കയ്യേറ്റക്കാർ വീണ്ടും കുടിലുകൾകെട്ടി താമസമാവുകയുണ്ടായി. കോവളം ഹൗവ്വാ ബീച്ചിൽ അനധികൃത കുടിൽകെട്ടി താമസിക്കുന്ന അനധികൃത കയ്യേറ്റക്കാരെയും ഒഴിപ്പിക്കുന്നതിനുള്ള ഭൂസംരക്ഷണ നിയമമനുസരിച്ചുള്ള 'സി' ഫോറം നോട്ടീസ് 11-2-2005-ൽ ഈ കക്ഷികൾക്ക് നെയ്യാറ്റിൻകര തഹസിൽദാർ നൽകുകയുണ്ടായി. എന്നാൽ ഈ കയ്യേറ്റക്കാരുടെ പുനരധിവാസം ഉറപ്പാക്കിയതിനുശേഷം മാത്രമേ ഒഴിപ്പിക്കാവൂ എന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. ഡോ. നീലലോഹിതദാസ് അദ്ധ്യക്ഷനായുള്ള കോവളം ഹൗവ്വാ ബീച്ച് ഒഴിപ്പിക്കൽ വിരുദ്ധ പുനരധിവാസ ആക്ഷൻ കമ്മിറ്റി 1-3-2005-ൽ സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. അതേസമയം കോവളം ഹൗവ്വാ ബീച്ചിൽ താമസിക്കുന്ന 11 അനധികൃത കയ്യേറ്റക്കാരെ എത്രയുംവേഗം ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ കോവളം

യൂണിറ്റ് ബഹു. കേരള ഹൈക്കോടതിയിൽ 27917/2004 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി 24-10-2005-ൽ അനധികൃത കയ്യേറ്റക്കാർക്ക് പറയാനുള്ളത് ജില്ലാ കളക്ടർ കേൾക്കണമെന്നും അവർക്ക് നിയമപരമായ എല്ലാ പരിരക്ഷകളും നൽകിയതിനുശേഷം മാത്രമേ കയ്യേറ്റസ്ഥലത്തു നിന്നും ഒഴിപ്പിക്കാവൂ എന്നും വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ 11 അനധികൃത കയ്യേറ്റക്കാരെയും 12-12-2005-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ 23-12-2005-ൽ സ്ഥലം പരിശോധിച്ച് തുടർ തീരുമാനം എടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത തീരുമാനം എടുത്തശേഷം ആ വിവരം സമിതിയെ അറിയിക്കുന്നതുമാണ്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) പൊതുമരാമത്ത് (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 22585/ജി3/15/പൊമവ. തീയതി 3-8-2015)

കോവളം ബീച്ച് റോഡിന്റെ പുനരുദ്ധാരണം 2015 മാർച്ച് മാസത്തിൽ നടത്തുകയുണ്ടായി. ഐ.റ്റി.ഡി.സി. പരിസരത്ത് പി.ഡബ്ല്യൂ.ഡി. റോഡ് പുറമ്പോക്ക് കയ്യേറി സ്ഥാപിച്ചിരിക്കുന്ന ബങ്കുകൾ, വ്യാപാരശാലകൾ എന്നിവ പൂർണ്ണമായും നീക്കം ചെയ്യുകയും ഐ.റ്റി.ഡി.സി.യുടെ മുന്നിൽ റോഡ് മൊത്തം വീതിയിൽ ടാറിംഗ് നടത്തുകയും ശേഷിച്ച റോഡിന്റെ സൈഡ് ബീം കോൺക്രീറ്റ് ചെയ്ത് വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓടകൾ വൃത്തിയാക്കുകയും റോഡിൽ വെള്ളം കെട്ടാതിരിക്കുവാൻ ആവശ്യമായ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. കോവളം ജംഗ്ഷനിൽ നിന്നും ബീച്ചിലേക്കുള്ള റോഡ് നവീനരീതിയിൽ ടാറിംഗ് നടത്തിയും ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയും ഗതാഗതയോഗ്യമാക്കിയിട്ടുള്ളതും ഫുട്പാത്ത് പുതുക്കിപ്പണിത് ടൈൽ നിരത്തി മോടിപിടിപ്പിച്ച് ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കും ബീച്ചിലേക്ക് തടസ്സംകൂടാതെ നടന്നുപോകുവാനുള്ള സൗകര്യവും ചെയ്തിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 16 ( ഖണ്ഡിക 27)</u>

കോവളം സന്ദർശിക്കാനെത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യമില്ലാത്തതിനാൽ, പല സ്ഥലങ്ങളിലായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഗതാഗതതടസ്സം അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഇവിടെ പ്രത്യേക സ്ഥലം കണ്ടെത്തി അത് പാർക്കിംഗ് ഏരിയയാക്കി മാറ്റണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59168/ആർ.സി2/14/തസ്വഭവ. തീയതി 13-10-2014)

നിലവിലുള്ള സീറോക്ക് ബീച്ചിന് അടുത്തായി ലീല ഗ്രൂപ്പിന്റെ കീഴിൽ പാർക്കിംഗ് ഏരിയ ഉള്ളതും ടി ഗ്രൂപ്പാണ് പാർക്കിംഗ് ഫീസ് വാഹനങ്ങളിൽ നിന്നും ഈടാക്കി വരുന്നത്. പാർക്കിംഗ് ഏരിയ സംബന്ധിച്ച് നഗരസഭയുമായി കോടതിയിൽ തർക്കം നിലനിൽക്കുന്നതുമാണ്. കോടതിവിധി വരുന്നമുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(മറുപടി 19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 17 ( ഖണ്ഡിക 28)</u>

കോവളം കടൽത്തീരത്ത് ചെറുകിട കച്ചവടം നടത്തുന്നതിനായി പ്രത്യേക സ്ഥലം കണ്ടെത്തി ആ സ്ഥലം ചെറുകിട കച്ചവടക്കാർക്കായി നീക്കിവയ്ക്കുകയും അവിടെ കച്ചവടം നടത്തുന്നതിനായി അവരിൽ നിന്നും ചെറിയ തോതിലുള്ള ഫീസ് ഈടാക്കിക്കൊണ്ട് അവർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 54076/സി3/02/തസ്വഭവ. തീയതി 14-1-2005)

കോവളം കടൽത്തീരത്ത് ചെറുകിട കച്ചവടം നടത്തുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തുന്നതിന് പഞ്ചായത്തും ടൂറിസം വകുപ്പും ശ്രമം ആരംഭിച്ചിട്ടുണ്ട് എന്നുള്ള വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും കോവളം കടൽത്തീരത്തെ ചെറുകിട കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചോ എന്നാരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 50565/ഡി.സി1/2014/തസ്വഭവ. തീയതി 21-7-2015)

കോവളം തീരദേശം സി.ആർ.ഇസഡ്. (കോസ്റ്റൽ റെഗുലേഷൻ സോൺ) മേഖലയിൽ ഉൾപ്പെടുന്നതും ടി സ്ഥലങ്ങൾ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുമാണ്. തിരുവനന്തപുരം നഗരസഭയ്ക്ക് ടി മേഖലയിൽ പുറമ്പോക്ക് ഭൂമിയും

ലഭ്യമല്ല. ആയതിനാൽ കോവളം കടൽത്തീരത്ത് ചെറുകിട കച്ചവടക്കാർക്കായി സ്ഥലം കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനു മാത്രമായി നടപടി സ്വീകരിക്കുവാൻ കഴിയില്ല എന്ന വിവരം അറിയിക്കുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 18 ( ഖണ്ഡിക 29)

ആരോഗ്യപരമായ വിനോദസഞ്ചാര വികസനത്തിന് സാമൂഹ്യവിരുദ്ധരുടെ ശല്യം തീർത്തും ഒഴിവാക്കേണ്ടതാണ്. പലതരത്തിലും വിനോദസഞ്ചാരികളെ ചൂഷണം ചെയ്യുന്നവരേയും സാമൂഹ്യവിരുദ്ധരേയും നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആഭ്യന്തര വകുപ്പിന്റെ നിതാന്തജാഗ്രത കോവളം ബീച്ചിലും പരിസരപ്രദേശത്തും ഉണ്ടായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആഭ്യന്തര (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19705/പി.ഡി1/2000/ആഭ്യ. തീയതി 16-9-2001)

വിനോദസഞ്ചാരികളെ ചൂഷണം ചെയ്യുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നവരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും നിയന്ത്രിക്കുന്നതിനും തടയുന്നതിനും പോലീസ് നിതാന്തജാഗ്രത പുലർത്തിവരുന്നു. പോലീസ് അന്വേഷണം നടത്തി സാമൂഹ്യവിരുദ്ധരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രസ്തുത നടപടികൾ ഇനിയും കൂടുതൽ ജാഗ്രതയോടെ തുടരുന്നതാണ്.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 19 ( ഖണ്ഡിക 30)

കോവളം ബീച്ചിൽ കച്ചവടം നടത്തുന്നതിന് ലൈസൻസും ഐഡന്റിറ്റി കാർഡും നൽകിയിട്ടുള്ളവർക്ക് ഹെൽത്ത് കാർഡുംകൂടി നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 586/ജി1/06/ആകുവ. തീയതി 25-2-2006)

ഹോട്ടൽ ജീവനക്കാർക്കും മറ്റ് കടക്കാർക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ വിഭാഗം ജീവനക്കാരെ

പരിശോധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് കൊടുക്കാൻ വിഴിഞ്ഞം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെയും മറ്റ് സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 38436/ജി1/14/ആകുവ. തീയതി 31-8-2015)

കോവളം ബീച്ചിൽ കച്ചവടം നടത്തുന്നതിന് ലൈസൻസും ഐഡന്റിറ്റി കാർഡും നൽകിയിട്ടുള്ളവർക്ക് ഹെൽത്ത് കാർഡുംകൂടി നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂരിഭാഗം പേർക്കും ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ട്. ഹെൽത്ത് കാർഡ് എടുക്കാത്തവർക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 20 ( ഖണ്ഡിക 31)</u>

ടൂറിസം വികസിപ്പിക്കുന്നതിനോടൊപ്പം രോഗങ്ങൾ സംക്രമിക്കപ്പെടാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ആകയാൽ ഈ വിഷയം സംബന്ധിച്ച ബോധവൽക്കരണ പദ്ധതികൾ ടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും അതിനായി ബോധവൽക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പൊതുഭരണ ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9579/റ്റി.എ 4/2000/പൊഭവ. തീയതി 18-4-2002)

ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തും ആരോഗ്യ വകുപ്പുമായി സഹകരിച്ചു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ഗ്രാമപഞ്ചായത്തും ആരോഗ്യ വകുപ്പും സഹകരിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 58319/റ്റി.എ 4/03/ടൂറിസം തീയതി 6-8-2005)

ആരോഗ്യരംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത് ആരോഗ്യ വകുപ്പും ഗ്രാമപഞ്ചായത്തുമാണ്. ടി വകുപ്പുകൾ മുൻകൈ എടുത്ത് പരിപാടികൾ സംഘടിപ്പിക്കുകയാണെങ്കിൽ ടൂറിസം വകുപ്പ് വേണ്ട സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(മറുപടി 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി അപൂർണ്ണമാണെന്ന് അഭിപ്രായപ്പെടുകയും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30823/എ 4/06/ടൂറിസം തീയതി 15-6-2007)

ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചേർന്നുകൊണ്ട് 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കോവളത്തിന്റെ സമഗ്രവികസനമാണ് ഇതിന്റെ ലക്ഷ്യം.

(മറുപടി 29-10-2008-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി പൂർണ്ണമല്ലാത്തതിനാൽ പൂർണ്ണവും വ്യക്തവുമായ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**(എ) ടൂറിസം (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 69787/സി3/14/ടൂറിസം തീയതി 3-8-2015)

വിനോദസഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ഡി.റ്റി.പി.സി. മുഖാന്തിരം 'Clean Destination Campaign' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ കോവളം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ 3 km. ചുറ്റളവിൽ ഖരദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷന്റെ സഹായത്തോടെയും എക്കോ പ്രിസർവ് എന്ന സന്നദ്ധ സംഘടനയോടുചേർന്ന് സർക്കാർ

ഒരു പദ്ധതി നടപ്പാക്കിവരുന്നു. വാണിജ്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതോടൊപ്പം ബീച്ചിലടിഞ്ഞുകൂടുന്ന മാലിന്യങ്ങളും നീക്കം ചെയ്യുവരുന്നു. ടി പദ്ധതി സർക്കാർ അനുമതിയോടുകൂടി കഴിഞ്ഞ ഏതാനും വർഷങ്ങളായി നടപ്പിലാക്കിവരുന്നു. 2014-15 വർഷത്തേക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് 36,53,100 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി മേഖലയിലെ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായി 90,96,000 രൂപയുടെ മറ്റൊരു പദ്ധതി സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. കൂടാതെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ബോധവൽക്കരണവും ഡി.റ്റി.പി.സി. തലങ്ങളിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും സർക്കാർ കൈക്കൊള്ളുന്നുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 586/ജി1/06/ആ.ക.വ. തീയതി 25-2-2006)

രോഗസംക്രമണം തടയുന്നതിനും പകർച്ചവ്യാധികൾ വരാതിരിക്കാനും രോഗ നിർമ്മാർജ്ജനത്തിനുമായി ബോധവൽക്കരണ പദ്ധതികൾ, കൊതുകുനിവാരണ പ്രവർത്തനങ്ങൾ, രക്തപരിശോധന, മരുന്ന് തളിക്കൽ എന്നീ ദൈനംദിന പ്രവർത്തനങ്ങൾ ഊർജ്ജിതമായി ആരോഗ്യപ്രവർത്തകർ നടത്തിവരുന്നുണ്ട്. ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വേണ്ടിയുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 38436/ജി1/14/ആകവ. തീയതി 31-8-2015)

ടൂറിസം കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് സമീപപ്രദേശത്തുള്ള സി.എച്ച്.സി./പി.എച്ച്.സി. മുഖേന നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 21 ( ഖണ്ഡിക 33)

കോവളത്തിന്റെ ആസൂത്രിതവും നിയന്ത്രിതവുമായ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു കൗൺസിൽ രൂപീകരിക്കേണ്ട ആവശ്യകത സമിതി ചൂണ്ടിക്കാണിക്കുന്നു. കോവളത്തിന്റെ വികസനം മുന്നിൽകണ്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പ് തലവൻമാർ, പ്രാദേശിക ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കോവളം വികസന കൗൺസിൽ രൂപീകരിക്കണമെന്നും ഇതിനാവശ്യമായി വേണ്ടിവന്നാൽ നിയമ നിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ (ടൂറിസം-എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9579/റ്റി.എ 4/2000/പൊഭവ. തീയതി 18-4-2002)

കോവളത്തെ വികസന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും മറ്റുമായി "കോവളം വികസന ഏജൻസി" എന്ന ഒരു സമിതി ഇപ്പോൾത്തന്നെ നിലനിൽക്കുന്നുണ്ട്. ടൂറിസം സെക്രട്ടറിയും ടൂറിസം ഡയറക്ടറും ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ വകുപ്പിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ഹോട്ടൽ റസ്റ്റോറന്റ് പ്രതിനിധികളും ഈ ഏജൻസിയിലെ അംഗങ്ങളാണ്.

(മറുപടി 8-1-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.